# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -4457

22.07.2015 ൽ മറുപടിയ്ക്ക്

## ടീം സോളാർ കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.സി.ജോർജ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ടീം സോളാർ കമ്പനിയെ 1956 ലെ കമ്പനികാര്യ നിയമം അനുസരിച്ച് കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് | (എ) ടീം സോളാർ കമ്പനിയുടെ രജിസ്ട്രേഷൻ റദ്ദാക്കിയിട്ടുണ്ട്. |
| (ബി) സരിത എസ്.നായരേയും അവരുടെ തട്ടിപ്പുകൾക്ക് കൂട്ടുനിന്നവരെയും കേന്ദ്ര ഏജൻസികളുടെ ചോദ്യം ചെയ്യലിൽനിന്നു രക്ഷിക്കാനാണ് പ്രസ്തുത കമ്പനിയെ കരിമ്പട്ടികയിൽ പ്പെടുത്താത്തതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ടീം സോളാർ കമ്പനിയുമായി ബന്ധപ്പെട്ട കേസുകളിൽ കേന്ദ്ര ഏജൻസിയായ New and Renewable Energy യിലെ ഉദ്യോഗസ്ഥരെ കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തി അന്വേഷണം നടത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത തട്ടിപ്പിനെക്കുറിച്ച് കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തെ രണ്ടു കൊല്ലമായിട്ടും അറിയിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | (സി) ടീം സോളാർ കമ്പനിയുടെ തട്ടിപ്പിനെ കുറിച്ച് Ministry of Corporate Affairs നെ അറിയിച്ചിട്ടുണ്ട്. |
| (ഡി) കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തിനു കീഴിൽ രജിസ്റ്റർ ചെയ്ത കമ്പനിയാണ് ടീം സോളാർ എന്ന് അറിവുണ്ടോ; | (ഡി) ഉണ്ട്. |
| (ഇ) പ്രസ്തുത കമ്പനിയെ 1956 ലെ കമ്പനികാര്യ നിയമം അനുസരിച്ച് കരിമ്പട്ടികയിൽപ്പെടുത്താൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഇ) ടീം സോളാർ കമ്പനിയുടെ അംഗീകാരം റദ്ദാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ